LIBRARY ARCHIVES Kerala Legislative Assembly

വാർഷിക വളർച്ചാ നിരക്ക്

167(1424) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വാർഷിക വളർച്ചാ നിരക്ക് എത്ര ശതമാനമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) 2006-മുതൽ 2010 വരെയുള്ള കാലയളവിൽ ഓരോ വർഷവും ലക്ഷ്യമിട്ട വാർഷിക വളർച്ചാ നിരക്കുകൾ എത്രയായിരുന്നു ;

(സി) ലക്ഷ്യമിട്ട വളർച്ചാ നിരക്കുകൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ഡി) സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെ ബാധിച്ചിട്ടുണ്ടോ;

(ഇ) ഇതു സംബന്ധിച്ച് സി.ഡി.എസ്സ്. നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം കരുതൽ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വാർഷിക വളർച്ചാ നിരക്ക് (2004-05 അടിസ്ഥാന വർഷം) സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരമാണ്.

സാമ്പത്തിക വർഷം	നിലവിലെ വിലനിലവാരമനുസരിച്ച്	സ്ഥിരവില നിലവാരമനുസരിച്ച്
2006-07	12.38	7.90
2007-08	13.89	8.77
2008-09	14.78	7.22
2009-10	14.57	9.73

(ബി) പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ (2007-12) ലക്ഷ്യമിട്ട വാർഷിക വളർച്ചാ നിരക്ക് 9.5 ശതമാനമാണ്.

(സി) പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ കാലാവധി പൂർത്തിയായി കഴിഞ്ഞാൽ മാത്രമേ ഈ പദ്ധതിയിൽ ലക്ഷ്യമിട്ട വളർച്ച കൈവരിക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ.

(ഡി) സാമ്പത്തിക മാന്ദ്യം സാമ്പത്തിക വളർച്ചാ നിരക്കിനെ ബാധിച്ചിട്ടുണ്ട്. 2007-08-ൽ 8.77 ശതമാനമായിരുന്ന വളർച്ചാ നിരക്ക് 2008-09-ൽ 7.22 ശതമാനമായി കുറഞ്ഞിട്ടുണ്ട്.

(ഇ) സി.ഡി.എസ്സ്. നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച പ്രധാന നടപടികൾ താഴെ പറയുന്നു.

1. പൊതു വിതരണ സമ്പ്രദായം ശക്തമാക്കാൻ ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാക്കുവാനും ശക്തിപ്പെടുത്തുവാനും നടപടികൾ സ്വീകരിച്ചു.

2. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ മാതൃകയിൽ നഗരങ്ങളിൽ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി.

3. സാമ്പത്തികമാന്ദ്യം മറികടക്കുവാനായി 10,000 കോടി രൂപയുടെ മാന്ദ്യ വിരുദ്ധ പാക്കേജ് നടപ്പിലാക്കികൊണ്ടിരിക്കുകയാണ്.

4. സമഗ്ര സാമൂഹ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നു.

സർക്കാർ ജീവക്കാരുടെ ശമ്പളവും പെൻഷനും എ.ടി.എം.വഴി നൽകുന്നതിന് നടപടി

168(1425) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും എ.ടി.എം. വഴി നൽകുന്നതിന് തീരുമാനം എടുത്തിരുന്നുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംവിധാനം നടപ്പിൽ വരുത്തുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ ;

(സി) ജീവനക്കാരുടെ ശമ്പളവും പെൻഷനും മറ്റ് ആനുകൂല്യങ്ങളും എ.ടി.എം. കാർഡ് വഴി വിതരണം ചെയ്യുന്ന സംവിധാനത്തിന് എന്തെല്ലാം മേൻമകളാണുള്ളത് വിശദാംശം ലഭ്യമാക്കുമോ ;

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇക്കാര്യം തീരുമാനിച്ചിട്ടില്ല.

9-ാം ശമ്പളകമ്മീഷൻ റിപ്പോർട്ടിലെ പെൻഷൻകാരെ സംബന്ധിച്ച ശിപാർശകൾ

169(1426) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 9-ാം ശമ്പള കമ്മീഷൻ റിപ്പോർട്ടിലെ പെൻഷൻകാരെ സംബന്ധിച്ച ശിപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly